സർവകലാശാലയുടെ വെബ്സൈറ്റ് നവീകരണം സംബന്ധിച്ച 08.06.2021, 2.30 P.M-ന് ബഹു.പ്രോ. വൈസ് ചാൻസലരുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗത്തിന്റെ ശുപാർശകൾ.

*യോഗത്തിൽ പങ്കെടുത്തവർ:-*

1. പ്രൊ വൈസ് ചാൻസലർ. (അധ്യക്ഷൻ )
2. ഡോ. റോബിനെറ്റ് ജേക്കബ്.(IQAC ഡയറക്ടർ )
3. ഡോ. സജിമോൻ എബ്രഹാം.(SMBS)
4. ഡോ. രാജേഷ് മണി.(SGTDS )
5. ഡോ. സ്മിജേഷ് എസ്.എസ്.(SPAP)
6. ഡോ. അബ്ദുൽ ജബ്ബാർ.(SOCS)
7. ശ്രീ. സുരേഷ്കുമാർ പി.സി. (PRO)
8. ശ്രീമതി ജെസ്സി ജോൺ (PS to PVC )
9. ശ്രീമതി ലേഖ ജെ.(AR V - Admin )
10. സെക്ഷൻ ഓഫീസർ (Content Management Section).
11. സെക്ഷൻ ഓഫീസർ (CITAD).
12. ശ്രീ. ഷിജു അലക്സ് (IPSR)

യോഗാരംഭത്തിൽ സർവകലാശാല വെബ്സൈറ്റിന്റെ നവീകരണത്തിൽ നാളിതുവരെ നടത്തിയ മാറ്റങ്ങളും പുതുതായി ഉൾപ്പെടുത്തിയ വിവരങ്ങളും കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ ഓഫീസർ അവതരിപ്പിക്കുകയും വെബ്സൈറ്റിന്റെ പുതിയ പതിപ്പിന്റെ മോഡൽ പ്രദർശിപ്പിക്കുകയും ചെയ്തു. വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന കാര്യങ്ങൾ യോഗം ശുപാർശ ചെയ്തു.

1. സർവകലാശാല വെബ്സൈറ്റിൽ മുൻപുണ്ടായിരുന്ന Students Grievances Portal എല്ലാ വിഭാഗങ്ങളിലെയും Grievances സ്വീകരിക്കുന്ന വിധമായിരുന്നു നിലനിന്നിരുന്നത്. എന്നാൽ ഇപ്പോൾ വെബ്സൈറ്റിലെ Students Grievances Portal പരീക്ഷാവിഭാഗവുമായി മാത്രം ബന്ധപെട്ടതാണ്. എന്നാൽ എല്ലാ വിഭാഗവും ഇതിൽ ഉൾപ്പെടെണ്ടതിനാൽ പരീക്ഷ വിഭാഗവുമായി ബന്ധപ്പെട്ട Grievances-ൽ മറ്റുള്ളവയെ കൂടി ഉൾപ്പെടുത്തുകയോ, മുൻപുണ്ടായിരുന്ന Students Grievances Portal പുന:ക്രമീകരിക്കുകയോ ചെയ്യുന്നതിനെ കുറിച്ച് വൈസ് ചാന്സലറുമായി ചർച്ച ചെയ്യുന്നതിനായി CITAD സെക്ഷനിലെ സെക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തുവാനും, മാത്രമല്ല UGC നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ വൈസ്- ചാൻസിലറുടെ ഓഫീസിന്റെ നിയന്ത്രണത്തിൽ ഒരു Students Grievances cell പ്രവർത്തിക്കേണ്ടതുണ്ടെന്നു കൂടി ചർച്ച ചെയ്യുവാനും യോഗം ശുപാർശ ചെയ്തു.

2. സർവകലാശാല വെബ്സൈറ്റിൽ 15 ഓളം പോർട്ടലുകളുടെ ലിങ്ക് നൽകിയിട്ടുണ്ട്. ഈ പോർട്ടലുകളിലെ വിവരങ്ങൾ കാലോചിതമായി പരിഷ്കരിക്കുവാനും, ലളിതമാക്കുവാനും അതാത് സെക്ഷനുകളോട് ആവശ്യപ്പെടാനും, ടി നടപടികളുടെ ഏകോപനം കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻറെ മേൽനോട്ടത്തിൽ നിർവ്വഹിക്കുവാനും യോഗം ശുപാർശ ചെയ്തു.

3. സർവകലാശാലാ വെബ്സൈറ്റിലെ Students Corner-ലെ Get in Touch എന്ന ലിങ്കിൽ വിദ്യാർത്ഥികൾക്കാവശ്യമുള്ള സർവകലാശാലയിലെ എല്ലാ സെക്ഷനുകളുടേയും ഫോൺ നമ്പറുകൾ ഉൾപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

4. സർവകലാശാലകളിലെ എല്ലാ സെക്ഷനുകളിൽ നിന്നും ശേഖരിച്ച FAQ's തരംതിരിച്ചു ക്രമീകരിച്ചു വെബ്സൈറ്റിൽ വേണ്ടവിധം പ്രദർശിപ്പിക്കുവാൻ കണ്ടന്റ് മാനേജ്മന്റ് സെക്ഷനെ ചുമതലപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

Draft #4 of File 77887/CONTENT.MGMT 1/2021/CMS Approved by VICE CHANCELLOR on 16-Jun-2021 02:47 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5. സർവകലാശാല വെബ്സൈറ്റിലെ Related Website എന്ന ലിങ്കിന്റെപേര് Useful Links എന്നും Resources എന്നതിന് പകരം Central Facilities എന്നും മാറ്റുവാൻ യോഗം ശുപാർശ ചെയ്തു.

6. വൈസ് ചാൻസിലേഴ്സ് മെസ്സേജ് വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും എന്ന് യോഗം ശുപാർശ ചെയ്തു.

7. പുതിയ വെബ്സൈറ്റിലെ Resources എന്ന ലിങ്കിൽ അടങ്ങിയിരിക്കുന്ന BIIC, IQAC, DASP എന്നിവ അക്കാദമിക് ലിങ്കിനു കീഴിലേക്ക് മാറ്റുവാനും യോഗം ശുപാർശ ചെയ്തു.

8. Fitness Centre, Health Centre, Students Web Centre, Physical Education Stadium മുതലായവ Common Amenities എന്ന സബ്-ലിങ്കിൽ Facilities-ൽ ഉൾപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

9. അഫിലിയേറ്റഡ് കോളേജസ് എന്ന ലിങ്കിൽ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് അഫിലിയേറ്റഡ് കോളേജസ് എന്നാൽ എന്താണെന്ന് ഒരു നിർവചനം ഉൾപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

10. International Students-ന് വേണ്ടി പ്രത്യേകമായി ഒരു മെനു തയ്യാറാക്കി Students Portal-ൽ കൂടി അത് ലഭ്യമാക്കുവാൻ യോഗം ശുപാർശ ചെയ്തു.

11. സ്റ്റുഡന്റ്സ് സൗഹൃദ വാക്കുകൾ വെബ്സൈറ്റിൽ മാതൃകാപരമായി ഉൾപ്പെടുത്തുന്നതിനായി ഒരു വേർഡ്-ഓഡിറ്റിംഗ് നടത്തുന്നതിനായി IQAC Director, ഡോ. റോബിനെറ്റ് ജേക്കബ്-നെ ചുമതലപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

12. സർവകലാശാലയുടെ സോഷ്യൽ മീഡിയാസ് കൈകാര്യം ചെയ്യുന്നത് Public Relations വിഭാഗമാണ്. ഇവ എല്ലാംതന്നെ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി Public Relations Officer-നെ ചുമതലപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

13. Academic Linkages/Collaburations-ൻറെ വിശദാംശങ്ങൾ IQAC-ൽ നിന്നും ശേഖരിച്ച് വെബ്സൈറ്റിൽ പ്രദർശിപ്പിക്കുവാൻ യോഗം ശുപാർശ ചെയ്തു.

14.സർവകലാശാലയുടെ എല്ലാ അക്കാഡമിക് സെന്റർറുകൾക്കും പഠനവകുപ്പകൾക്ക് ഉള്ളതുപോലെയുള്ള തനത് വെബ്സൈറ്റുകൾ നിർമിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ പഠനവകുപ്പകളുടെ ടെമ്പ്ലേറ്റ് തന്നെ ഉപയോഗിച്ച് ഒരു Web Developer നെ contract/daily wages വ്യവസ്ഥയിൽ 3/6 മാസത്തേയ്ക്കോ മറ്റോ നിയോഗിച്ച് എത്രയും വേഗം ജോലി പൂർത്തീകരിക്കേണ്ടതാണെന്ന് യോഗം ശുപാർശ ചെയ്തു. ഇതു സാധിക്കുന്നില്ലഎങ്കിൽ വെബ്സൈറ്റ് നിർമിച്ചു, പരിപാലിക്കുന്ന സ്ഥാപനത്തെകൊണ്ട് തന്നെ ഈ ജോലി അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് യോഗം ശുപാർശ ചെയ്തു..

15. സർവകലാശാലയുടെ പൊതുവായതും, അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, ഉദ്യോഗസ്ഥരുടെയും നേട്ടങ്ങൾ, അവാർഡുകൾ മുതലായവ ഹോം പേജിൽ തന്നെ ഉൾപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

16. വെബ്സൈറ്റിലെ Menus/icons Rearrange ചെയ്യുന്നതിനായി കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനെ സഹായിക്കുന്നതിനായി IQAC Director, ഡോ.റോബിനെറ്റ് ജേക്കബ്-നെ ചുമതലപ്പെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

17. സർവകലാശാല വെബ്സൈറ്റിൽ അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും,

Draft #4 of File 77887/CONTENT.MGMT 1/2021/CMS Approved by VICE CHANCELLOR on 16-Jun-2021 02:47 PM - Page 2

ഉദ്യോഗസ്ഥരുടെയും പോർട്ടലുകൾ നിലവിൽ ഉള്ളതിനാൽ പൂർവ്വവിദ്യാർത്ഥികൾക്കായി ഒരു Alumni's Portal നൽകുവാൻ യോഗം ശുപാർശ ചെയ്തു. ഇതിലെ കണ്ടന്റ്കൾ ക്രമീകരിക്കുവാൻ മുൻ ഉത്തരവ് പ്രകാരം Dr.സജിമോൻ എബ്രഹാംനെ ചുമതലപെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

18. Students Grievances Redressal Portal - ൽ Students Grievances Policies, Mechanism എന്നിവ പ്രദർശിപ്പിക്കുവാൻ യോഗം ശുപാർശ ചെയ്തു.

19. കമ്മിറ്റിയുടെ അടുത്ത മീറ്റിംഗുകളിൽ എല്ലാം വിഭാഗത്തിൽ നിന്നും, സർവകലാശാല സാങ്കേതിക വിഭാഗത്തിൽനിന്നും ഉള്ള ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.

20. സർവകലാശാലയുടെ പുതിയ വെബ്സൈറ്റിൽ മേൽ പറയുന്ന മാറ്റങ്ങൾ വരുത്തിയതിനു ശേഷം, ബഹു.വൈസ്-ചാൻസിലറുടെ അനുമതിയോടെ പുതിയ വെബ്സൈറ്റ് എത്രയും വേഗം host ചെയ്യുവാനും, തുടർന്ന് വേണ്ട നടപടികൾ സ്വീകരിക്കുവാനും യോഗം ശുപാർശ ചെയ്തു.

യോഗനടപടികൾ 4 pm ന് അവസാനിച്ചു.

Sd/-
Registrar

ഡോ. സാബു തോമസ്
വൈസ് ചാൻസിലർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 77887/CONTENT.MGMT 1/2021/CMS Approved by VICE CHANCELLOR on 16-Jun-2021 02:47 PM - Page 3